Lalith Babu

# മൂന്നാം കക്ഷിയ്ക്ക് അപ്പീൽ നൽകാം

മൂന്നാം കക്ഷിയുടെ എതിർപ്പ് അവഗണിച്ചുകൊണ്ട് വിവരങ്ങൾ വെളിപ്പെടുത്തുവാനുള്ള തീരുമാനവുമായി പബ്ളിക് ഇൻഫർമേഷൻ ഓഫീസർ മുന്നോട്ടുപോകുന്ന പക്ഷം അതിനെതിരെ മൂന്നാം കക്ഷിയക്ക് അപ്പീൽ സമർപ്പിക്കാനുള്ള അവകാശമുണ്ട്. ഇങ്ങനെ സമർപ്പിക്കുന്ന അപ്പീൽ തീർപ്പായതിന് ശേഷം മാത്രമേ പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ഈ വിഷയത്തിൽ തുടർന്ന് നടപടികൾ സ്വീകരിക്കുവാൻ പാടുള്ളൂ. പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ തീരുമാനത്തിനെതിരെ മൂന്നാം കക്ഷി 30 ദിവസത്തിനകം അപ്പീൽ സമർപ്പിച്ചിരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വകുപ്പ് 19(2) ൽ ഇപ്രകാരം കൊടുത്തിരിക്കുന്നു.

Section 19 (2)

"Where an appeal is preferred against an order made by a Central PublicInformation Officer or a State Public Information Officer, as the case may be, under section 11 to disclose third party information, the appeal by the concerned third party shall be made within thirty days from the date of the order."